## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *833** **25.07.2012-ൽ മറുപടിയ്ക്ക്**

## മെഡിക്കൽ കോളേജുകളിലേയ്ക്ക് രോഗികളെ റഫർ ചെയ്യുന്നതിനുള്ള മാർഗ്ഗരേഖ

| ചോദ്യം : | മറുപടി : |
|---|---|
| ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.അൻവർ സാദത്ത് | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ മറ്റ് ആശുപത്രികളിൽ നിന്നും മെഡിക്കൽ കോളേജുകളിലേക്ക് രോഗികളെ റഫർ ചെയ്യുന്നതിനുള്ള മാർഗ്ഗരേഖ പുറത്തിറക്കിയിട്ടുണ്ടോ ;<br><br>(ബി) എങ്കിൽ മാർഗ്ഗരേഖയുടെ വിശദാംശങ്ങൾ എന്തെല്ലാം:<br><br>(സി) റഫറൽ സംവിധാനം നിരീക്ഷിക്കാൻ ജില്ലാ സംസ്ഥാന തലങ്ങളിൽ കമ്മിറ്റികൾ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ? | (എ), (ബി) & (സി)<br>സംസ്ഥാനത്തെ മറ്റ് ആശുപത്രികളിൽ നിന്നും മെഡിക്കൽ കോളേജുകളിലേക്ക് രോഗികളെ റഫർ ചെയ്യുന്നതിനായുള്ള രീതികളെക്കുറിച്ച് മാർഗ്ഗരേഖ തയ്യാറാക്കുന്നതിലേക്കായി ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കുവാൻ 25.07.2011-ലെ ജി.ഒ.(ആർ.റ്റി.)2674/2011/ആ.കു.വ. നമ്പർ ഉത്തരവ് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. തമിഴ്നാട് സർക്കാർ, ആംഡ് ഫോഴ്സസ് മെഡിക്കൽ കോളേജ് എന്നിവർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പരിശോധിച്ച് അവയ്ക്കനുസൃതമായി പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കി സമർപ്പിക്കാനാണ് പ്രസ്തുത കമ്മിറ്റിയോട് ആവശ്യപ്പെട്ടിരുന്നത്. ഇതിൻപ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഡോ.രാജ്മോഹന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി കരട് മാർഗ്ഗരേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഈ കരട് മാർഗ്ഗരേഖ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെയും ആരോഗ്യ വകുപ്പിന്റെയും വെബ് |

| | |
|---|---|
| | സൈറ്റുകളിൽ വിവിധ വിഭാഗം ഡോക്ടർമാരുടെയും എൻ.ജി.ഒ.മാരുടെയും അഭിപ്രായത്തിനും നിർദ്ദേശത്തിനും വേണ്ടി പ്രദർശിപ്പിച്ചിട്ടുണ്ട്. അംഗീകരിക്കാവുന്ന നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് മാറ്റങ്ങൾ വരുത്തിയ പുതുക്കിയ കരട് മാർഗ്ഗരേഖ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറിൽ നിന്ന് ലഭ്യമാകുന്ന മുറക്ക് അനന്തരനടപടികൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ